കേരള കൗമുദി

**24 November 2024**



# ഫ്ലാഷ് മോബും സംഗമവും

കൊച്ചി: പൊതുജനങ്ങളിൽ വിജിലൻസ് അവബോധം സൃഷ്ടിക്കുന്നതിനായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം(സി.എം.എഫ്.ആർ.ഐ) ക്വീൻസ് വോക് വേയിൽ ഫ്ളാഷ് മോബും ബോധവത്കരണ സംഗമവും നടത്തി. വിജിലൻസ്ബോധവത്കരണ വാരാചരണ ക്യാമ്പയിനിന്റെ ഭാഗമായായിരുന്നു പരിപാടി. ശാസ്ത്രജ്ഞരും ഉദ്യോഗസ്ഥരും ഗവേഷണ വിദ്യാർത്ഥികളുമടങ്ങുന്ന സംഘം ഭാഗമായി. അഴിമതിരഹിത സമൂഹത്തെ സൃഷ്ടിക്കാൻ പൗരൻമാർക്കിടയിൽ ജാഗ്രതയും ഉത്തരവാദിത്വബോധവും വളർത്തേണ്ടതിന്റെ പ്രാധാന്യം ഉണർത്തുന്നതായിരുന്നു ബോധവത്കരണ സംഗമം. ഡോ. ജെ. ജയശങ്കർ, ഷെൽഫിഷ് ഫിഷറീസ് ഡിവിഷൻ മേധാവി ഡോ. എ.പി. ദിനേഷ്ബാബു എന്നിവർ പ്രസംഗിച്ചു.